# കേരള സർവകലാശാല

നം.പി.ആർ.150/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള നാലാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധപ്പെടുത്തി.

കേരള സർവകലാശാലയുടെ 2018-19 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള നാലാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധപ്പെടുത്തി. ജൂലൈ 05-ാം തീയതി മുതൽ 07-ാം തീയതി വരെ വിദ്യാർത്ഥികൾക്ക് കോളേജിൽ പ്രവേശനം നേടാവുന്നതാണ്. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ (അസൽ) സഹിതം അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിലേയ്ക്ക് പരിഗണിക്കുന്നതുമല്ല.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

### ടൈംടേബിൾ

2018 ജൂലൈ/ആഗസ്റ്റ് മാസത്തിൽ നടക്കുന്ന ആറാം സെമസ്റ്റർ റെഗുലർ ബി.ടെക് (2008 സ്കീം), പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് (2008 സ്കീം) ആറാം സെമസ്റ്റർ പരീക്ഷയുടേയും നാലാം സെമസ്റ്റർ പരീക്ഷയുടേയും ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫലം

ഏപ്രിൽ 2018 ൽ നടത്തിയ ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്) സെമസ്റ്റർ രണ്ട് നാല്, മേയ് 2018 ൽ നടത്തിയ സെമസ്റ്റർ ഏഴ് എന്നീ പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ.

2018 ജനുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (സി.ബി.സി.എസ് സ്ട്രീം), 2018 മാർച്ചിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ.എസ്.എൽ.പി (ഓൾഡ് സ്കീം) പരീക്ഷാഫലങ്ങൾ വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 17 വരെ അപേക്ഷിക്കാം.

### ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്

തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം പെരിങ്ങമ്മല ഇക്ബാൽ കോളേജിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു.

കോഴ്സ് കാലാവധി ആറുമാസം. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി, കോഴ്സ് ഫീസ് 7500/- രൂപ, അപേക്ഷാ ഫീസ് 110/- രൂപ. അപേക്ഷാ ഫോറം കോളേജിലെ തുടർവിദ്യാഭ്യാസ യൂണിറ്റിൽ നിന്നും ലഭിക്കും. ഫോൺ: 9447582746, 04722845537

## സമ്പർക്ക ക്ലാസ്സ്

വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിലെ (തിരുവനന്തപുരം, കൊല്ലം) എം.എ, എം.എസ്.സി, എം.കോം സമ്പർക്ക ക്ലാസ്സുകൾ ജൂലൈ 7, 8 തീയതികളിൽ ഉണ്ടായിരിക്കുന്നതല്ല.

## അസൈൻമെന്റ് /കേസ് സ്റ്റഡി

വിദൂര വിദ്യാഭ്യാസ വിഭാഗം ബി.എ, ബി.എസ്.സി, ബി.കോം രണ്ടാം സെമസ്റ്റർ അസൈൻമെന്റ്, കേസ് സ്റ്റഡി എന്നിവ സമർപ്പിക്കാൻ സാധിക്കാത്തവർ ജൂലൈ 9 ന് എസ്.ഡി.ഇ യിൽ എത്തിക്കേണ്ടതാണ്. എം.എ, എം.എസ്.സി, എം.കോം ഒന്നും രണ്ടും സെമസ്റ്റർ അസൈൻമെന്റ്, കേസ് സ്റ്റഡി എന്നിവ ആഗസ്റ്റ് 16, 17 തീയതികളിൽ എസ്.ഡി.ഇ യിൽ സമർപ്പിക്കേണ്ടതാണ്.

## സൂക്ഷ്മപരിശോധന

2017 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.കോം, സി.ബി.സി.എസ്.എസ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കായി അപേക്ഷിച്ചിട്ടുള്ളവർ ഹാൾടിക്കറ്റും ഐ.ഡി കാർഡുമായി ജൂലൈ 6 മുതൽ 18 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഇജെ–II സെക്ഷനിൽ ഹാജരാകേണ്ടതാണ്.

2018 മാർച്ചിൽ നടത്തിയ ഒൻപതാം സെമസ്റ്റർ ബി.എ, ബി.കോം, ബി.ബി.എ, എൽ.എൽ.ബി പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ തിരിച്ചറിയൽ രേഖയും ഹാൾടിക്കറ്റുമായി ജൂലൈ 7 മുതൽ 16 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഇജെ–I സെക്ഷനിൽ എത്തിച്ചേരേണ്ടതാണ്.

## പ്രാക്ടിക്കൽ പരീക്ഷ

മാർച്ച് 2018 ൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി ബയോടെക്നോളജി യുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 17, 18, 19 തീയതികളിൽ അതതു കോളേജുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുനർമൂല്യനിർണ്ണയം

2017 ജൂലൈ മാസം പ്രസിദ്ധീകരിച്ച കരിയർ റിലേറ്റഡ് രണ്ടാം സെമസ്റ്റർ ഡിഗ്രി പരീക്ഷകളുടെ പുനർമൂല്യനിർണ്ണയത്തിനായി അപേക്ഷകൾ സമർപ്പിക്കേണ്ട തീയതി ജൂലൈ 6 ൽ നിന്നും ആഗസ്റ്റ് 6 ലേക്ക് നീട്ടിയിരിക്കുന്നു.

തിരുവനന്തപുരം.

04.07.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**